

# ബൈബിൾ ട്രൂത്ത്

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 9** **July 1995** **No. 4**


ഒരു മനുഷ്യൻ തെറ്റുകാരനായി അല്ലെങ്കിൽ പാപിയായി അറിയപ്പെടാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ചെയ്ത തെറ്റ് മൂടിവെക്കുന്നു. ശിക്ഷയെ ഭയന്ന് ആളുകൾ കുറ്റം മറച്ചുവെക്കുന്നു. നമ്മുടെ ഉള്ളിൽ സ്വസ്ഥത നശിപ്പിക്കുന്ന ഒന്നാണ് ഏതു കുറ്റവും. അഴിമതിയായാലും, അക്രമവാസനയായാലും, കള്ളവും ചതിയും ആയാലും അതെല്ലാം പടർന്നു പിടിച്ചു കൊണ്ടാണിരിക്കുന്നത്. പകർച്ചവ്യാധികളെ തടയുവാൻ ഗവേഷണങ്ങളും ആധുനിക ഔഷധങ്ങളും ചെലവിടുന്നുണ്ട്. എന്നാൽ പകരുന്ന അകൃത്യങ്ങളെ തടയുവാൻ ഇന്നത്തെ സമൂഹം എന്തു ചെയ്യുന്നുണ്ട് ? നാം ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ഇതിനാണ്. പ്രതിവിധിയുണ്ട്, അതിനു ധൈര്യം വേണം. രക്തത്തിലെ മാലിന്യം പോയാലെ ശരീരത്തിനു മുഴുവൻ ശരിയായ ആരോഗ്യം കിട്ടുകയുള്ളൂ. അതുപോലെ വ്യക്തികളിൽ അലിഞ്ഞു ചേർന്നിരിക്കുന്ന അനുസരണമില്ലായ്മ എന്ന അഴുക്ക് മാറ്റി ദൈവത്തെ അനുസരിക്കുവാൻ വേണ്ട പരിശീലനമാണ് കൊടുക്കേണ്ടത്. അതുമാത്രമാണ് ഇതിനുള്ള ഫലപ്രദമായ പ്രതിരോധ നടപടി.



# മാനസാന്തരത്തിൻെറ ഉദ്ദേശം

**J. C. ചോട്ട്**

മാനസാന്തരം എന്താണെന്നോ മാനസാന്തരത്തിൻെറ ഉദ്ദേശം എന്താണെന്നോ അറിയാത്ത ആളുകരം ധാരാളം ഉണ്ട്. വേദപുസ്തകത്തിൽ അനേകം ഭാഗങ്ങളിൽ ഈ വിഷയത്തെ പ്രതിപാദിച്ചിരിക്കയാണ്. അതുകൊണ്ട് അതിൻെറ പ്രാധാന്യത്തെക്കുറിച്ച് കാണാവുന്നതാണ്. ദൈവം അരുളിച്ചെയ്തിട്ടുള്ള വിഷയങ്ങരം ഒക്കെയും പരമപ്രധാനമുള്ളതാണല്ലോ. വിവരണങ്ങരം ശരിയായി ലഭിക്കണമെങ്കിൽ നാം തിരുവെഴുത്തുകരം തന്നെ പരിശോധിക്കണം.

മനസിനോ അല്ലെങ്കിൽ ഹൃദയത്തിനോ ഉണ്ടാകുന്ന മാററം, ജീവിതത്തിലുള്ള മാററം, അവസ്ഥാന്തരം എന്നൊക്കെ മാനസാന്തരത്തെ നിർവ്വചിക്കാം. പാപത്തിൽനിന്നും ദൂരെ മാറുക, പാപം ഉപേക്ഷിക്കുക, പാപത്തിൽ തുടരാതിരിക്കുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു യുവാവിൻെറ കഥ യേശു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. അവൻെറ അപ്പൻ അവനോട് തോട്ടത്തിൽ പോയി വേല ചെയ്യുവാൻ ആവശ്യപ്പെട്ടു. അവൻ ആദ്യം സാദ്ധ്യമല്ല എന്നു പറഞ്ഞെങ്കിലും പിന്നീട് മാനസാന്തരപ്പെട്ട് പോയി ജോലി ചെയ്തു (മത്തായി 21:28). അപ്പൊസ്തലനായിരുന്ന പൌലൊസും നല്ലൊരു ഉദാഹരണത്തിലൂടെ നിർവ്വചിക്കുന്നുണ്ട്. ഈ വിഷയത്തെ ''കള്ളൻ ഇനി കക്കാതെ മുട്ടുള്ളവനു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന്നു കൈ കൊണ്ടു നല്ലതു പ്രവർത്തിച്ചു അദ്ധ്വാനിക്കയത്രേ വേണ്ടതു'' (എഫെസ്യർ 4:28). വാസ്തവത്തിൽ ഒരാരം പാപത്തിലാണ് ജീവിക്കുന്നതെന്ന് തിരിച്ചറിയുമ്പോരം ആണ് സുബോധമുള്ളവനായി തീരുന്നത്.

താൻ ചെയ്യുന്നത് തെററാണെന്ന് ഒരാൾക്കു ബോധ്യം വന്നാൽ അയാൾ നഷ്ടപ്പെട്ടവനാണെന്ന് തിരിച്ചറിയുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് അയാൾ പാപത്തിൽ നിന്നു പിന്തിരിയുവാൻ തയ്യാറെടുക്കുന്നു. ഒരു വ്യത്യാസമുള്ള ജീവിതം നയിക്കുവാനായി ഒരുങ്ങുന്നു. ഇപ്പോൾ അയാൾ സമ്മതിക്കുന്നത്, യേശു ദൈവ പുത്രനാണെന്നു ഏററുപറയുകയും ചെയ്യുന്നു. അതിനെ തുടർന്ന് യേശുക്രിസ്തുവിനോടും തൻെറ സഭയോടും ചേർക്കപ്പെടേണ്ടതിന്നു പാപമോചനത്തിനായുള്ള സ്നാനം ഏല്ക്കുന്നു (പ്രവൃത്തി 2). അതിൻെറ അർത്ഥം, പാപത്തെ സംബന്ധിച്ച് അയാളുടെ വിചാരം മനസ്സിൽ നിന്നു മാററി, പാപം കൂടാതെ ഒരു ജീവിതം നയിക്കുവാൻ തീരുമാനിക്കുന്നു. കർത്താവിനോടുള്ള അവൻെറ അനുസരണത്തിൽ അവൻെറ ചെയ്ത പാപങ്ങൾ ക്ഷമിക്കപ്പെട്ട് ഒരു പുതിയ അവസ്ഥയിലേക്ക് പ്രവേശിക്കയും ചെയ്തു. അതായത് ക്രിസ്തുവിലേക്കും അവൻെറ സഭയിലേക്കും കടന്നിരിക്കുന്നു. ഇതാണ് മാനസാന്തരം എന്നു പറഞ്ഞാൽ.

ഒരാൾക്ക് മാനസാന്തരപ്പെട്ട് ദൈവത്തെ അനുസരിക്കാതെ ദൈവത്താൽ രക്ഷ പ്രാപിക്കുവാൻ സാദ്ധ്യമല്ല. പാപമാണ് നമ്മെ ദൈവത്തിൽ നിന്നും അകററുന്നത്. അത് മരണം കൊണ്ടുവരുന്നു (റോമർ 6:23). പാപത്തെ സമ്മതിക്കുന്നതിനു ലജ്ജിക്കേണ്ട കാര്യമില്ല. കാരണം എല്ലാവരും പാപികളാണ്. മാനസാന്തരപ്പെടാതെ, പാപം ചെയ്തതു സമ്മതിക്കാതെ വരുമ്പോൾ ആണ് നാം ലജ്ജിക്കേണ്ടി വരുന്നത്. ചിലർ നടിക്കുന്നത് അവർ നല്ലവരാണ്, അവർ തെറെറാന്നും ചെയ്യുന്നില്ല. അതുകൊണ്ട് തങ്ങൾക്ക് മാനസാന്തരം ആവശ്യമില്ല എന്നു കരുതുന്നുണ്ട്. മററു ചിലർ വിചാരിക്കുന്നത് അവർ തങ്ങളുടെ പാപത്തെ സമ്മതിച്ചാൽ അതു മോശമാകുകയില്ലേ എന്നതാണ്. ഒരു കാര്യം നാം ഓർക്കണം; നാം സമ്മതിച്ചാലും ഇല്ലെങ്കി

ലും നാം പാപികൾ ആണ് എന്നത്. സാമാന്യ ബുദ്ധിയുള്ളവരാണ് നാമെങ്കിൽ പാപത്തിന്റെ ഫലമെന്ത നാം തിരിച്ചറിയും, അതു മരണമാണ്. അഹങ്കാരം നിമിത്തം മാനസാന്തരപ്പെടാതെ മരിക്കുന്നതിനേക്കാൾ തെററ് സമ്മതിച്ച് മാനസാന്തരപ്പെട്ട് ദൈവത്താൽ ജീവിക്കുന്നതാണ് ഉത്തമം.

മോശമായതും തെററായതുമായ കാര്യങ്ങൾ മാത്രമെ ഉപേക്ഷിക്കുവാൻ കർത്താവ് അരുളിച്ചെയ്തിട്ടുള്ളു. നല്ലതൊന്നും വിട്ടുകളയാൻ പറഞ്ഞിട്ടില്ലല്ലൊ. ധാർമ്മികമായി നാം നല്ല ജീവിതം നയിക്കുന്നവരാണെന്ന് വിചാരിക്കുന്നുവെങ്കിൽ നമുക്കു മാനസാന്തരം ആവശ്യമാണ്. കാരണം ആ ചിന്ത നമ്മുടെ സ്വന്ത കഴിവിൽ നാം ആശ്രയിക്കുന്നു എന്നു വരുത്തി തീർക്കുന്നു. ആർക്കും സ്വന്തകഴിവിൽ ഊന്നി നല്ലവരാകുവാൻ കഴിയുന്നതല്ല. എല്ലാവർക്കും വേണ്ടിയാണ് ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നതും ത്യാഗപൂർവ്വം മരണം കൈവരിച്ചതും. അതുകൊണ്ടുള്ള പ്രയോജനം ലഭിക്കണമെങ്കിൽ ദൈവത്തിന്റെ ആജ്ഞകൾ കണക്കിലെടുക്കണം. ലോകം, നിരപരാധികളെ ശിക്ഷിക്കയും കുററക്കാരെ വെറുതെ വിട്ടയക്കുകയും ചെയ്യുകയാണ്. എന്നാൽ അങ്ങനെയുള്ള പ്രവൃത്തികൾ ദൈവത്തിനില്ല. സൃഷ്ടി കർത്താവും പിതാവുമായ ദൈവത്തെ അനുസരിച്ച് ജീവിച്ചാൽ ആർക്കും രക്ഷപ്രാപിക്കാവുന്നതാണ്. സ്വയനീതി കൊണ്ടുളള ന്യായീകരണമല്ല ഇവിടെ വേണ്ടത്. അനുസരണത്തിന്ന് ദൈവത്തിങ്കലേക്ക് തിരിയണം. അങ്ങനെയാണ് നമ്മുടെ പ്രവൃത്തി അംഗീകരിക്കപ്പെടുന്നത്. ദൈവത്തിലുള്ള നമ്മുടെ വിശ്വാസം ഫലപ്രദമാകുന്നതും അങ്ങനെയാണ്.

ഒരാൾ ഈ രീതിയിൽ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി വചനാനുസരണം സ്നാനമേററ് ക്രിസ്ത്യാനിയായി തീർന്നു. അതിനുശേഷമോ ? പിന്നീട്

അയാൾക്ക് മാനസാന്തരം ആവശ്യമുണ്ടോ ? തീർച്ചയായും ഉണ്ട്. ആഭിചാരകനായിരുന്ന ശീമോനെ നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ ? അയാൾ പരിശുദ്ധാത്മാവിൻെറ ശക്തിയെ ദ്രവ്യം കൊടുത്തു വാങ്ങുവാൻ ആഗ്രഹിച്ചു. പത്രോസ് അവനെ അതിനു ശാസിക്കയും ചെയ്തു. അയാൾക്ക് ആ പ്രവൃത്തിയിൽ നിന്നു തിരിയേണ്ടതായി വന്നു. അല്ലെങ്കിൽ മാനസാന്തരം ചെയ്യപ്പെടേണ്ടിവന്നു എന്നർത്ഥം. ശീമോൻ, തൻെറ അപരാധം ക്ഷമിച്ചുകിട്ടേണ്ടതിനു അവനുവേണ്ടി പ്രാർത്ഥിക്കുവാൻ പത്രോസിനോട് ആവശ്യപ്പെടുകയും അങ്ങനെ വീണ്ടും അവൻ വിശ്വസ്ത ദൈവ പൈതലായി ജീവിക്കയും ചെയ്തു (പ്രവൃത്തി 8:20-22).

പിന്നെ മുടിയനായ പുത്രൻ തൻെറ അവകാശം എല്ലാം അപ്പനിൽ നിന്നു വാങ്ങി ദൂരദേശത്തു ചെന്ന് ദുർമ്മാർഗ്ഗ ജീവിതം നയിച്ച് എല്ലാം ചിലവാക്കി അവസാനം ഒന്നുമില്ലാതായി. പന്നികളെ മേയ്ക്കുന്ന ജോലി നോക്കുവാൻ അവൻ നിർബന്ധിതനായി. തൻെറ നിലനില്പിനായി പന്നികളുടെ ആഹാരം കഴിക്കാൻപോലും തയ്യാറായി. ലൂക്കൊസിൻെറ സുവിശേഷം 15-ാം അദ്ധ്യായത്തിലെ വിവരങ്ങൾ നോക്കിയാൽ അവനു സുബോധം വന്ന് തൻെറ അപ്പൻെറ അടുക്കലേക്കു തിരിച്ചു പോകുവാൻ അവൻ മാനസാന്തരപ്പെട്ടു എന്നു കാണാം. അവൻ അങ്ങനെ ചെയ്കയും കരുണാധിക്യത്താൽ അവനെ തിരിച്ച് സ്വീകരിക്കുകയും ചെയ്തു. യാക്കോബ് പറയുന്നു: തമ്മിൽ തമ്മിൽ പാപങ്ങളെ ഏററുപറഞ്ഞ് പ്രാർത്ഥിച്ചാൽ ദൈവം ക്ഷമിക്കയും രോഗ സൗഖ്യം പ്രാപിക്കയും ചെയ്യും എന്ന് (യാക്കോബ് 5:16). ദൈവമക്കളായി തീർന്നശേഷവും നാം പാപികളാണ് എന്നതാണ് മനസിലാക്കേണ്ട കാര്യം. മനഃപൂർവ്വം നാം പാപം ചെയ്യുന്നില്ലെങ്കിലും കുററങ്ങൾ വന്നു പോകുന്നു. പറയരുതാത്തത് പറയുകയും ചെയ്യരുതാത്തത് ചെയ്യുകയും ചെയ്യുന്നു. ചെയ്യേണ്ട കാര്യങ്ങൾ നാം ഉപേക്ഷിച്ചു വിടുന്നു. അങ്ങ

ന്നെ തുടർന്നു പോയേക്കാം. നാം തെററു ചെയ്യുവാൻ ആഗ്രഹിക്കുന്നു എന്നല്ല, ഏതിലും എങ്ങനെയും നാം തെററു ചെയ്തേക്കാം. അതുകൊണ്ട് എല്ലായ്പോഴും ക്ഷമാപണത്തിനായി നാം പ്രാർത്ഥിക്കണം. യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതു ഓർമ്മിക്കുമല്ലോ. "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിക്കേണമേ" (മത്തായി 6:12).

എന്നാൽ ഒരു വ്യക്തി മന:പൂർവ്വം പാപം ചെയ്യുകയാണെങ്കിലോ ? അതു തെററാണെന്ന് അറിയാം; എങ്ങനെയായാലും അയാൾ അതു ചെയ്യുന്നു. ഒരുപക്ഷെ പരീക്ഷിക്കപ്പെട്ടു പാപത്തിലേക്കു വഴുതി വീഴുകയാണ്. ചിലപ്പോൾ കോപം അടക്കുവാൻ കഴിയാതെ പറയരുതാത്തതു പറയുകയും ചെയ്യരുതാത്തതു ചെയ്യുകയും ആവാം. മന:പ്പൂർവ്വം പാപം ചെയ്യുക എന്നത് വളരെ അപകടകരമായ ഒന്നാണ്. അതിനേക്കാൾ അപകടം നിറഞ്ഞ അവസ്ഥയാണ് ഒരാൾ തന്റെ തെററ് സമ്മതിക്കാതെ, മാനസാന്തരപ്പെടാതെ കഴിയുക എന്നത്. ക്രിസ്ത്യാനിയായി തീർന്ന ഒരാൾ തന്റെ അവിവേകം ക്ഷമിച്ചുകിട്ടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തോടും സഹോദരങ്ങളോടും തെററ് സമ്മതിച്ച് ഏററുപറയണം. യഥാർത്ഥമായ തിരിച്ചറിവ് ഈ തിരിവിനു അനിവാര്യമാണ്. ദൈവത്താലുള്ള അംഗീകാരമാണ് നമുക്ക് ആവശ്യം.

ചിലപ്പോൾ സഭയിലെ അംഗങ്ങൾ പൊതുവായി ഏതെങ്കിലും പ്രത്യേക പാപം ചെയ്തിട്ടുണ്ടെങ്കിൽ അതു മനസിലാക്കി ആ പാപത്തിൽ നിന്ന് പിന്തിരിയണം. ക്ഷമാപണത്തിനു പരസ്യമായ ഏററുപറച്ചിൽ ആവശ്യമാണ്. എല്ലാവരും അതു ഒഴിവാക്കി പുതുക്കം പ്രാപിക്കൽ സ്വീകരിക്കണം. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ പ്രാർത്ഥനയിൽ നമ്മുടെ കുററം തുറന്നു സമ്മതിച്ചുകൊണ്ട് നമ്മുടെ യാചന ദൈവത്തോട് അപേക്ഷിക്കണം.

മാനസാന്തരപ്പെട്ട ജീവിതം വിശ്വസ്തതയോടെ നയിക്കുന്ന ഒരാൾ കർത്താവിനെ പ്രസാദിപ്പിക്കും. അങ്ങനെയുള്ള ആൾ മാനസാന്തരത്തിൻെറ ഫലങ്ങൾ പുറപ്പെടുവിക്കും. തിരുവെഴുത്തു നല്കുന്ന നിർദ്ദേശങ്ങൾ അയാൾ സ്വീകരിച്ച് ജീവിക്കുമ്പോൾ മററുള്ളവരിൽ നിന്നും വേർപെട്ട ഒരു ജീവിതരീതി കാണാൻ കഴിയും. ദൈവം തൻെറ മക്കളിൽ നിന്നും പ്രതീക്ഷിക്കുന്നതു അത്തരത്തിലുള്ള ജീവിതമാണ്. മാനസാന്തരപ്പെട്ടില്ലെങ്കിൽ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു.

നാം മാനസാന്തരപ്പെടണം എന്നു പറയുമ്പോൾ നമ്മെ തരംതാഴ്ത്തി കാണിക്കുന്നതിനു വേണ്ടിയല്ല. പിന്നെയോ നമ്മുടെ ആത്മാവിൻെറ നാശം ഒഴിവാക്കുകയാണ് ലക്ഷ്യം. നമുക്ക് ഒരു രോഗം വന്നാൽ അതിനു പ്രതിവിധി ഒരു നല്ല മരുന്നോ ശസ്ത്രക്രിയയോ ഉണ്ടെന്നു നാം അറിഞ്ഞാൽ രോഗം മൂർഛിച്ച് മരിക്കുന്നതിനേക്കാൾ ചികിത്സിച്ച് ഭേദമാക്കുവാൻ നാം ശ്രമിക്കുകയില്ലേ ? ഭൗതികമായി അതു ശരിയാണെങ്കിൽ ആത്മീയമായി, പാപം ചെയ്താൽ സംഭവിക്കുന്ന മരണം ഒഴിവാക്കുവാൻ മാനസാന്തരം എന്ന പ്രതിവിധി നാം എത്ര അധികമായി സ്വീകരിക്കേണ്ടതാണ്. ആത്മീയമായി നാം ജീവിക്കേണ്ടതിനു എന്നും ദൈവവുമായുള്ള നല്ല ബന്ധം പുലർത്തുവാൻ നമുക്കു മാനസാന്തരമുള്ള ജീവിതം നയിക്കാം. സ്വയമായി ദൈവേഷ്ടത്തിലേക്കു തിരിഞ്ഞ് പരിജ്ഞാനത്താൽ മരണംവരെ ജീവിക്കുവാൻ ദൈവം നിങ്ങൾക്ക് അവസരം തരുമാറാകട്ടെ.

★

സ്ത്രീകൾക്കു വേണ്ടി

# സ്ത്രീയുടെ വില

**ബെററി B. C.**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

**നാ**ബോത്തിനെ കള്ളസാക്ഷികളുടെ സഹായത്തോടെ ദൂഷണകുററം ചുമത്തി ഈസെബേൽ തന്റെ ഭർത്താവിന്റെ ആഗ്രഹം സാധിപ്പിച്ചു കൊടുത്തു. നാബോത്തിനെ ദയാദാക്ഷിണ്യമില്ലാതെ കല്ലെറിഞ്ഞു കൊന്നശേഷം ആ മുന്തിരിതോട്ടം ശാന്തമായിപോയി കൈവശമാക്കിക്കൊൾക എന്ന് അവൾ ആഹാബിനോടു പറഞ്ഞു (വാക്യം 15).

ദൈവം ഈ കാരണത്താൽ ആഹാബിനും അവന്റെ ഗൃഹത്തിനും വരുത്തുവാനിരിക്കുന്ന ഭയങ്കരമായ ശിക്ഷയെ പ്രവചിക്കുവാനായി ഏലിയാവ് എന്ന പ്രവാചകനെ അവന്റെ അടുക്കലേക്ക് അയച്ചു. കുലചെയ്ത് കൈവശപ്പെടുത്തുന്ന ക്രൂരമായ അകൃത്യമാണ് ആഹാബ് ചെയ്തത്. നാബോത്തിന്റെ രക്തം നക്കി കുടിച്ചതുപോലെ ആഹാബിന്റെ രക്തവും നക്കി കുടിക്കും എന്നതായിരുന്നു മുന്നറിയിപ്പ്. ആഹാബ് ആ വാക്കു കേട്ടപ്പോൾ വസ്ത്രം കീറി തന്റെ ദേഹം പററെ രട്ടുടുത്തു കൊണ്ട് ഉപവസിച്ചു. രട്ടിൽ തന്നെ കിടക്കുകയും സാവധാനമായി നടക്കുകയും ചെയ്തു (1 രാജാക്കന്മാർ 21:27). പക്ഷെ അവന്റെ ഭാര്യ ഈസെബേൽ യഹോവെക്കും അവന്റെ പ്രവാചകനായ ഏലിയാവിനും വിരോധമായി പ്രവർത്തിക്കാൻ തീരുമാനിച്ചു. ഏലിയാവിനെ അന്വേഷിച്ചു കൊല്ലുവാൻ അവൾ പ്രതിജ്ഞ എടുത്തു.

(ശേഷം 23-ാം പേജിൽ)

# ദൈവത്തിന്റെ വൻ കാര്യങ്ങൾ

വിൻഫ്രെഡ് ക്ലാർക്ക്

അനുദിനം ബൈബിൾ വായിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്ക് അതിലെ ചില വാക്കുകളോ പദ പ്രയോഗങ്ങളോ പ്രത്യേക താല്പര്യം ജനിപ്പിക്കും. അവ കൂടുതൽ അറിയണമെന്ന് നിങ്ങൾ ആഗ്രഹിച്ചുപോകും. പ്രത്യേക സമയം എടുത്ത് അതു പഠിച്ച് മനസിലാക്കും. അതുപോലെയുള്ള ഒരു പഠനമാണ് ഇത്. ഇതു താരതമ്യം ചെയ്യുവാൻ ഉപയോഗിക്കുന്ന പദമത്രെ. 1യോഹന്നാന്റെ ലേഖനത്തിൽ മൂന്നു പ്രാവശ്യം ''വലിയ'' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ദൈവം വലിയവനാണ് എന്ന് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ മഹിമയുടെ അളവ് എടുത്ത് കാണിച്ചിരിക്കയാണ് ഇവിടെ. ദൈവം നമ്മുടെ പിതാവാകയാൽ അവനെക്കുറിച്ചുള്ള വിവരണം ദൈവമക്കളായ നാം അല്പം നിന്ന് ചിന്തിച്ച് മനസിലാക്കേണ്ടതാണ്. ഇങ്ങനെയുള്ള പഠനംകൊണ്ട് ദൈവത്തെ കൂടുതൽ അറിയുവാനും അവനു കൂടുതൽ മഹത്വം കരേററുവാനും സഹായകരമായി തീരും.

നമ്മുടെ ശ്രദ്ധ അല്പസമയത്തേക്ക് ദൈവത്തിന്റെ വലിയ കാര്യങ്ങളെ പ്രസ്താവിച്ചിരിക്കുന്ന ഈ മൂന്നു വാക്യങ്ങളിലേക്കു തിരിക്കാം. 1യോഹന്നാൻ 3:20; 4:4; 5:9 ഈ വേദഭാഗങ്ങളിൽ നിന്നും നാം എന്തു പഠിക്കുന്നു ?

## വലിയ ഉറപ്പ്

'ഹൃദയം നമ്മെ കുററം വിധിക്കുന്നു എങ്കിൽ ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്ന് നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം'' (1യോഹന്നാൻ 3:20). നമ്മുടെ ഹൃദയം അറി

യാത്ത ചില കാര്യങ്ങൾ ദൈവം അറിയുന്നു എന്നത് ഈ ഭാഗത്ത് സൂചിപ്പിച്ചിട്ടുള്ളതായി ശ്രദ്ധിച്ചാൽ നമുക്കു വ്യക്തമാകും. ചില സന്ദർഭങ്ങളിൽ നമ്മെ കുററപ്പെടുത്തുന്നുണ്ട്. കാരണം ആ പ്രവൃത്തികൾ ഹൃദയം അറിയുന്നുണ്ട്. താൻ ആരായിതീർണമോ അതിൽ എത്താതെ വളരെ ദൂരെയാണ് നില്ക്കുന്നതെന്ന് സ്വയം പരിശോധന നടത്തുന്ന ആത്മാർത്ഥതയുള്ള ഒരു ദൈവപൈതലിനു ബോധ്യമാകും. നമ്മെ കുററം വിധിക്കുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ടല്ലോ. 16-ാം വാക്യം, ആവശ്യപ്പെടുന്നത്ര ദൂരം പോകുവാൻ നമ്മിൽ എത്രപേർക്കു കഴിയും എന്ന ചോദ്യം നമ്മുടെ ഉള്ളിൽ നിന്ന് ഉദിച്ച് ഉയരാറില്ലേ ? അതായത് അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്ന് അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കു വേണ്ടി പ്രാണനെ വെച്ചു കൊടുക്കേണ്ടതാകുന്നു (1യോഹന്നാൻ 3:16). നാം ദൈവേഷ്ടം മനസിലാക്കുന്നവരും അതു ചെയ്യണമെന്ന് താല്പര്യം ഉള്ളവരും ആണ്. ദൈവഹിതത്തെ കുറച്ചു കാണിക്കുവാൻ നാം ഇഷ്ടപ്പെടുന്നുമില്ല. എങ്കിലും നമ്മുടെ കുറവുകളെ, അപൂർണ്ണതയെക്കുറിച്ച് നാം അറിവുള്ളവരാണല്ലോ. മറെറന്തിനെക്കാളും ശരിയായ കാര്യങ്ങൾ ചെയ്യുവാൻ ഇഷ്ടപ്പെടുന്നവരാണ് നാം.

ഈ വേദ ഭാഗത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ പശ്ചാത്തലം മററു ഭാഗങ്ങളിൽ ബൈബിളിൽ തന്നെ കണ്ടെത്താനാണ് സാദ്ധ്യത എന്ന് എനിക്ക് ബോധ്യമുണ്ട്. ലൂക്കൊസ് 18-ാം അദ്ധ്യായത്തിൽ ഒരു ചുങ്കക്കാരനെ മാതൃകയാക്കി സൂചിപ്പിച്ചിരിക്കുന്നതു നോക്കുക. ദൈവ സന്നിധിയിൽ നീതിയുള്ള പ്രവൃത്തി എന്താണെന്ന് അവന് നന്നായി അറിയാം. അവന് ആ ആഗ്രഹം ഉണ്ടായിരുന്നു എന്നത് സംശയാതീതമായ കാര്യമാണ്. അവന്റെ മാനസാന്തരം വ്യക്തമാക്കുന്നത്; അവൻ സ്വർഗ്ഗത്തിലേക്ക് നോക്കുവാൻ പോലും തുനിയാതെ ദൈവമേ പാപിയായ എന്നോട് കനിവുണ്ടാകേണമേ എന്ന് പ്രാർത്

ഥിക്കുന്നതിലാണ്. ഒരു പക്ഷെ അവൻ ദേവാലയം വിട്ടു പോകുമ്പോഴും അവൻെറ ഹൃദയത്തിലുള്ള തോന്നൽ അവൻ പാപി എന്നു തന്നെയായിരിക്കാം. എങ്കിലും യേശു അവനെ കുറിച്ച് പറയുന്നത്, അവൻ നീതീകരിക്കപ്പെട്ടു തൻെറ വീട്ടിലേക്ക് പോയി എന്നാണ്. ഒരിക്കൽ പത്രൊസും യേശുവിനോട് ഇതുപോലെ പറഞ്ഞതായി ഓർക്കുന്നില്ലേ ? ''ശീമോൻ പത്രൊസ് അതു കണ്ടിട്ട് യേശുവിൻെറ കാൽക്കൽ വീണു. കർത്താവേ ഞാൻ പാപിയായ മനുഷ്യൻ ആക കൊണ്ട് എന്നെ വിട്ടുപോകേണമേ എന്നു പറഞ്ഞു (ലൂക്കൊസ് 5:8). ഇതു കടൽക്കരയിൽ വെച്ചു നടന്ന സംഭാഷണമാണെന്ന് നമുക്ക് അറിയാം.

എന്നാൽ മറ്റൊരവസരത്തിൽ യേശുവും പത്രൊസും തമ്മിൽ നടന്ന സംഭാഷണം വ്യക്തമാക്കുന്ന ചിത്രം നോക്കാം. മൂന്നാമതും യേശു പത്രൊസിനോട്; യോഹന്നാൻെറ മകനായ ശീമോനെ, നിനക്കു എന്നോട് പ്രിയമുണ്ടോ എന്നു ചോദിച്ചു. എന്നോട് പ്രിയമുണ്ടോ എന്ന് മൂന്നാമതും ചോദിക്കയാൽ പത്രൊസ് ദുഃഖിച്ചു; കർത്താവേ നീ സകലവും അറിയുന്നു; എനിക്കു നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു എന്ന് അവനോട് പറഞ്ഞു (യോഹന്നാൻ 21:17). കർത്താവിൽ നിലനില്ക്കേണ്ട പത്രൊസ് പരാജിതനായി എന്ന് ബോധ്യപ്പെട്ട് അതി ദുഃഖത്തോടെ പുറത്തുപോയി കരഞ്ഞു (മത്തായി 26:75). പക്ഷെ ഇതെല്ലാം കർത്താവ് മുൻകൂട്ടി പറഞ്ഞ കാര്യമാണ്. സംഭവിച്ചു കഴിഞ്ഞപ്പോഴാം പത്രൊസ് പറയുന്നു; കർത്താവ് സകലവും അറിയുന്നവനാണ്. ഒരു ദൈവ പൈതലിനെ സംബന്ധിച്ച് സുപ്രധാനമായ കാര്യമാണ് അവനെക്കുറിച്ച് അവൻെറ ഹൃദയം അറിയുന്നതിലധികമായി ദൈവം അറിയുന്നു എന്നത്. പത്രൊസിൻെറ പ്രസ്താവന വെളിപ്പെടുത്തുന്ന വസ്തുത അതാണ്. ദൈവം നമ്മെക്കുറിച്ച് സകലവും അറിയുന്നു. ദൈവത്തെ മറച്ച് ആർക്കും ഒന്നും ചെയ്യുവാനാവുന്നതല്ല.

മനുഷ്യനു സങ്കല്പിക്കാൻ കഴിയുന്നതിലപ്പുറം വലിയതാണ് ദൈവത്തിനു നമ്മോടുള്ള സ്നേഹം എന്ന വസ്തുത ഉറപ്പിക്കാവുന്നതാണ് (1യോഹന്നാൻ 3:1). എന്തു രാജ്യം എന്ന് നാം പറയാറില്ലേ ? അതുപോലെ എന്തൊരു സ്നേഹം എന്ന ഉപയോഗമാണ് ആ പദത്തിൽ കാണുന്നത്. ഈ ലോകത്തിലെ എന്തിനെയും പരാജയപ്പെടുത്താൻ കഴിവുള്ള ഒന്നാണ് ദൈവീക സ്നേഹം എന്നർത്ഥം. യേശുക്രിസ്തുവിനെ സ്നേഹിച്ചവർക്കു വേണ്ടിയല്ല മരിച്ചത്; പിന്നെയോ അവനെ വെറുത്തവർക്കുവേണ്ടി. ആ പ്രവൃത്തിയിലാണ് സ്നേഹത്തിൻെറ ഔന്നത്യം വ്യക്തമാകുന്നത്. അങ്ങനെയുള്ള പുരുഷാരത്തിനു വേണ്ടി അവൻ പ്രാർത്ഥിക്കുകയാണ്. പിതാവേ ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ (ലൂക്കൊസ് 23:34). പഴയ മരക്കുരിശിൽ കിടന്ന് വേദന കൊണ്ട് ഞെരങ്ങുന്ന അവസ്ഥയിലാണ് ഈ പ്രാർത്ഥന. മനുഷ്യൻ നേരിടുന്ന ഏതൊരു പുണ്യ പ്രവൃത്തിയേക്കാളും കവിയുന്ന തരത്തിലുള്ള സ്നേഹമാണ് ഇത്. മനുഷ്യൻ തന്നെ സ്നേഹിക്കുന്നവരെ തിരിച്ച് സ്നേഹിക്കുന്നു. പക്ഷെ ദൈവ സ്നേഹം ഇതിനെ തിരിച്ച് കളയുന്നു. മനുഷ്യനു താരതമ്യം ചെയ്യാവുന്നതിനെക്കാറം മുൻപന്തിയിൽ ഓടുന്ന ഒന്നാണ് ദൈവസ്നേഹം. മനുഷ്യരാശിയോട് ദൈവം പ്രദർശിപ്പിക്കുന്ന സ്നേഹം വിവരിക്കുവാൻ മനുഷ്യ ബുദ്ധിക്കു പ്രാപ്തിയില്ല. നമ്മുടെ ഹൃദയം കുററം വിധിക്കുന്നുണ്ടെങ്കിലും അവിടെ ദൈവസ്നേഹം കാണാൻ കഴിയുന്നു എന്ന വസ്തുത നമ്മെ ധൈര്യപ്പെടുത്തുന്നു.

നമ്മുടെ ഹൃദയം ഇല്ല എന്നു പറയുമ്പോഴും ദൈവത്തിൻെറ കരുണാധിക്യം അവൻ നമ്മിലേക്ക് എത്തിക്കുന്നു എന്ന കാര്യം നാം അറിയണം. പിന്നീട് ചുങ്കക്കാരൻെറ ജീവിതത്തിലേക്കു തിരിച്ചു വന്ന് പരിശോധിക്കാം. ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ട് സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു; ദൈവമേ,

പാപിയായ എന്നോട് കരുണയുണ്ടാകേണമേ എന്നു പറഞ്ഞു'' (ലൂക്കോസ് 18:13). അവന്റെ ഹൃദയം പറയുന്നു അവൻ പാപിയാണെന്ന്. ദൈവത്തിന്റെ കാരുണ്യത്തിനു അവൻ അർഹനല്ല എങ്കിലും അവൻ പ്രാർത്ഥിക്കുകയാണ്. ഇത്തരം സന്ദർഭത്തിൽ ദൈവത്തിന്റെ കരുണ എങ്ങനെയാണ് നല്കുന്നതെന്ന് തിരിച്ചറിയാൻ അതു കിട്ടിയശേഷവും മനുഷ്യനു കഴിയുന്നില്ല. ഈ മനുഷ്യൻ തെററു ചെയ്തവനാണ്; വളരെ അധികം താണുപോയി. എന്നാൽ യേശു ഈ മനുഷ്യനെ സംബന്ധിച്ചു പറഞ്ഞത്; അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി എന്നാണ് (ലൂക്കോസ് 18:14). അവന്റെ ഹൃദയം അവനെ കുററപ്പെടുത്തിക്കൊണ്ടിരുന്നില്ലേ ? തീർച്ചയായും. മനുഷ്യ ഹൃദയത്തേക്കാൾ എത്രയോ വലുതാണ് ദൈവത്തിന്റെ കനിവ് എന്നു നമ്മെ പഠിപ്പിച്ചിരിക്കയാണ്.

ദൈവം നമ്മുടെ ഹൃദയത്തേക്കാൾ വലിയവൻ എന്ന് യോഹന്നാൻ പറഞ്ഞത്; വെളിച്ചത്തിൽ നടക്കാൻ ശ്രമിക്കുന്നവരുടെ ഹൃദയങ്ങളാണ്. ദൈവം വെളിച്ചമാണ്; ദൈവത്തോടുള്ള കൂട്ടായ്മയിൽ നടക്കുവാൻ ആഗ്രഹിക്കുന്നവരാണ് ഇവർ. ഞങ്ങൾ ഒരു തെററും ചെയ്യുന്നവരല്ല എന്നു പറയുന്നവരെ കുറിച്ചല്ല ഇതു പറയുന്നത് എന്നർത്ഥം. കുററബോധം ഉള്ളവരുണ്ട്, കുററബോധം ഇല്ലാത്തവരും ഉണ്ട്. കുററം സമ്മതിക്കുവാനുള്ള മനോഭാവമാണ് ഏററവും ഉചിതം. അവിടെയാണ് ദയാകടാക്ഷം ഉണ്ടാകുന്നത്. മറിച്ച് പാപത്തെ ന്യായീകരിക്കുന്നവരോട് ആർക്കും അനുകമ്പ കാണിക്കാൻ സാദ്ധ്യമല്ല. ദൈവമുൻപാകെ താഴുന്ന ഏതൊരാൾക്കും ദൈവത്തിന്റെ അനർഹമായ ദയവ് അനുഭവപ്പെടും. ഉന്നത ഭാവമുള്ളവരിൽ നിന്ന് ദൈവം അകന്നു നില്ക്കും. ''ഞാൻ ഒരു തെററും ചെയ്തിട്ടില്ല'' എന്നു പറയുന്നവരെ നിങ്ങൾ കേട്ടിരിക്കുമല്ലോ. അവരുടെ ഉള്ളിൽ അവർ മററുള്ളവരേക്കാൾ ഉത്തമന്മാരാണെന്നാണ്. പക്ഷെ ദൈവം പറയുന്നു; നീതിമാൻ ആരുമില്ല,

ഒരുത്തൻ പോലുമില്ല. തന്നെത്താൻ ന്യായീകരിച്ച് നീതിമാൻ ആകാൻ ആർക്കും സാദ്ധ്യമല്ല. നമ്മെ നീതീകരിക്കേണ്ടത് ദൈവമാണ്. ആ ഓർമ്മ എല്ലാവരിലും വേണം.

ദൈവത്തോടു ബന്ധം പുലർത്തിയ ആളുകൾ പാപത്തിൽ ജീവിക്കുകയില്ല. അവർ മരണത്തിൽ നിന്ന് ജീവങ്കലേക്ക് പ്രവേശിച്ചിരിക്കുന്നു എന്ന് അറിഞ്ഞവരാണ്. അവർ പാപം ചെയ്യരുത് എന്ന് അറിവ് ലഭിച്ചവരാണ് (1യോഹന്നാൻ 2:1). നീതിയുള്ള, ദൈവ ഭക്തിയുള്ള ജീവിതം നന്നായി നയിക്കുവാൻ അവരുടെ കഴിവിന്റെ പരമാവധി ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അവർക്ക് ഇച്ഛകളും തോന്നലുകളും ഉള്ള ഹൃദയങ്ങളാണ് ഉള്ളത്. അവരുടെ മുന്നിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ അവർ കഠിനാദ്ധ്വാനം ചെയ്യുന്നു. നന്മയും നീതിയും പ്രാവർത്തികമാക്കുവാൻ തീരുമാനിച്ച് ചെയ്തുവരുമ്പോൾ ചില കുറവുകൾ വന്നുപോകുന്നു. അങ്ങനെ അവരുടെ ഹൃദയങ്ങൾ അവരെ കുററപ്പെടുത്തുന്നു. എപ്പോഴും അവർ പോരാടിക്കൊണ്ടിരിക്കയാണ്. അങ്ങനെ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്നവരോട് യോഹന്നാൻ പറയുകയാണ്: നമ്മുടെ ഹൃദയങ്ങളേക്കാൾ ദൈവം എത്ര വലിയവൻ എന്ന്. നാം ആരായിരിക്കണമോ അതിനുവേണ്ടിയുള്ള പോരാട്ടത്തിൽ അനുഭവപ്പെടുന്ന ദുരിതം, ഹൃദയത്തിലെ കുററപ്പെടുത്തൽ എല്ലാം ഉണ്ട്. അപ്പോൾ നാം സുബോധത്തോടെ തിരിച്ചറിയേണ്ട കാര്യം, ദൈവം ഇതെല്ലാം മനസിലാക്കി നമ്മെ സഹായിക്കും എന്നതാണ്. പത്രോസ് യേശുവിനോട് പറഞ്ഞതുപോലെ കർത്താവ് സകലവും അറിയുന്നു. അതുകൊണ്ട് ഭാരപ്പെടേണ്ട. നമ്മുടെ ചിന്തകളേക്കാൾ ദൈവം എത്ര അടുത്തിരിക്കുന്നവനും ഗ്രഹിക്കുന്നവനും എന്നു രുചിച്ചറിവിൻ.

★

# രക്ഷാ ദിവസം

## തോമസ് മാത്യു

മനുഷ്യ വർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവം വേർതിരിച്ചിരിക്കുന്ന നാളിനെയാണ് രക്ഷാ ദിവസം എന്നു പറയുന്നത്, അതായത് യേശുക്രിസ്തുവിന്റെ ക്രൂശീകരണം മുതൽ തന്റെ മേഘത്തിലെ മടങ്ങിവരവു വരെയുള്ള കാലയളവിൽ ആണ് രക്ഷയുടെ ദിവസം. അഥവാ, രക്ഷയുടെ നാഴം എന്നുവിളിക്കുന്നത്. ''ഇപ്പോൾ ആകുന്നു സുപ്രസാദകാലം'' ഇപ്പോൾ ആകുന്നു രക്ഷാ ദിവസം (2കോരിന്ത്യർ 6:2).

അനുഗ്രഹകരമായ ഒരു രക്ഷയുടെ കാലത്തെക്കുറിച്ച് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളതായ പ്രവചനം തിരുവെഴുത്തിൽ കാണാൻ കഴിയുന്നു. ''പ്രസാദകാലത്ത് ഞാൻ നിനക്ക് ഉത്തരമരുളി. രക്ഷാ ദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു'' (യെശയ്യാ 49:8). ഈ പ്രവചന ദൂത് യെശയ്യാവു അറിയിക്കുന്നതിൽ ഈ രക്ഷയിൻ ദൂത് തുടർന്ന് പറഞ്ഞിരിക്കുന്നു.

''എന്താണ് അത്'' ദേശത്തെ ഉയർത്തുവാനും; ശൂന്യമായി കിടന്ന അവകാശങ്ങളെ കൈവശമാക്കികൊടുക്കാനും, ബന്ധിക്കപ്പെട്ടവരോട് ഇറങ്ങിപ്പോയ്ക്കൊൾവിൻ എന്നും, അന്ധകാരത്തിൽ ഇരിക്കുന്നവരോട്; വെളിയിൽ വരുവിൻ എന്നും ഞാൻ നിന്നെ കാത്തു (വാക്യം 8) എന്നും.

നമ്മുടെ രക്ഷയ്ക്കായി ദൈവപുത്രൻ വരുന്നതും അവൻ നിവൃത്തിക്കുന്ന വേലയെക്കുറിച്ച് താൻ തന്നെ, സാക്ഷീകരിച്ച് അറിയിക്കുന്നതുമായ സംഗതികൾ യെശയ്യാവ് രേഖപ്പെടുത്തിയിരിക്കുന്നു. ''എളിയവരോട് സദ്വർത്തമാനം അറിയിപ്പാൻ, യഹോവ എന്നെ അഭിഷേകം

ചെയ്തിരിക്കകൊണ്ട്'' ''യഹോവയായ'' ''കർത്താവിന്റെ ആത്മാവ്'' എന്റെമേൽ ഇരിക്കുന്നു. ''ഹൃദയം തകർന്നവരെ'' മുറിവു കെട്ടുവാനും, ''തടവുകാർക്ക് വിടുതലും'', ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും, അറിയിപ്പാനും ''യഹോവയുടെ'' പ്രസാദവർഷം പ്രസിദ്ധമാക്കുവാനും.....എന്നെ അയച്ചിരിക്കുന്നു (യെശയ്യ 61:1-2).

ഈ വേദഭാഗത്ത് കർത്താവിനാൽ നിവൃത്തിക്കുന്നതും മനുഷ്യരുടെ, രക്ഷയുടെ ആവശ്യവും, ദൈവപുത്രന്റെ മരണത്തിന്റെ സാദ്ധ്യതയും വെളിപ്പെടുത്തുന്നു. നമ്മുടെ ആദ്യ മാതാപിതാക്കന്മാരായ ആദാമും, ഹവ്വയും പാപം ചെയ്തു. ദൈവത്തിൽ നിന്നും അകന്നു പോകവേ, ഒരാട്ടിൻതോലുകൊണ്ട് (ആടിനെ കൊന്ന്) അവരുടെ നഗ്നത മറച്ചു. ''ദൈവം അവരെ അംഗീകരിച്ചത്, പാപത്തിൽ നഷ്ടപ്പെട്ട'' മനുഷ്യവർഗ്ഗത്തെ, ദൈവകുഞ്ഞാടായ ക്രിസ്തുവിന്റെ മരണത്താൽ അംഗീകരിക്കുന്നതിന് നിഴലായിരുന്നു അത്.

''പ്രസ്തുത സമയം'' മുതൽ ദൈവ പുത്രന്റെ മരണം നിഴലുകളായും, സാദൃശങ്ങളായും, - പ്രമാണങ്ങളിൽ കൂടിയും, ദൈവം ലോകത്തിൽ വെളിപ്പെടുത്തിപ്പോന്നു. ആ കാലങ്ങളിൽ അവയെ അംഗീകരിച്ചു, അനുസരിച്ചു പോന്നവരെ ദൈവം നീതീകരിച്ചു, അംഗീകരിച്ചുമിരുന്നു. ''അഥവാ-'' യാഗം കഴിച്ച് എന്നോടു നിയമം ചെയ്ത എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ എന്ന് എഴുതിയിരിക്കുന്നു (സങ്കീ 50:5).

★

(ശേഷം അടുത്ത ലക്കത്തിൽ)

# ദൈവം തന്റെ ഇഷ്ടം എങ്ങനെ വെളിപ്പെടുത്തുന്നു ?

ക്ലെം തർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

യേശു നിർദ്ദേശിച്ചതുപോലെ അപ്പൊസ്തലന്മാർ വചനം വെളിപ്പെടുത്തുകയും അവരെ പരിശുദ്ധാത്മാവ് നയിക്കുകയും ചെയ്തപ്പോൾ അവർ സംസാരിച്ച വചനം ദൈവത്തിന്റേതായിരുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നാൽ എന്റെ വചനങ്ങളോ ഒരുനാളും ഒഴിഞ്ഞുപോകയില്ല എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് (മത്തായി 24:35). കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കും എന്ന് പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നു (1പത്രൊസ് 1:25). പരിശുദ്ധാത്മാവിനാൽ ഉറപ്പിച്ചു നല്കിയിരിക്കുന്ന ഏക വെളിപ്പാടാണ് ഇന്ന് മനുഷ്യർക്ക് ദൈവം നല്കിയിരിക്കുന്നത്. അതു പൊതുവായി എല്ലാവരേയും കണ്ടുകൊണ്ടാണ് ചെയ്തിരിക്കുന്നത്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. ഞങ്ങളോ സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതനോ ഞങ്ങൾ അറിയിച്ചതിനു വിപരീതമായി സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്ന് പൌലോസ് പ്രസ്താവിച്ചിരിക്കുന്നു (ഗലാത്യർ 1:8). യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല (2യോഹന്നാൻ 9-10).

## ദൈവത്തിൽ നിന്നാണോ അല്ലയോ എന്ന് ആത്മാക്കളെ ശോധന ചെയ്യുക

ചിലർ സത്യമാണോ സംസാരിക്കുന്നത് എന്ന് കണ്ടെത്താൻ ബൈബിളിൽ പരിശോധന നടത്തുമ്പോൾ അതു

പരിഹാസ്യമായി അവർക്കു തോന്നുന്നു. പക്ഷേ നാം സത്യാവസ്ഥ അന്വേഷിച്ചു കണ്ടുപിടിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്‌വിൻ (1യോഹന്നാൻ 4:1). കള്ളപ്രവാചകന്മാരെ സൂക്ഷിച്ചു കൊൾവിൻ; അവർ ആടുകളുടെ വേഷംപൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു. അകമെയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം (മത്തായി 7:15-16). ഒരാൾ പറയുന്നത് സത്യമാണോ എന്നറിയാൻ ലളിതമായ ഒരു മാർഗ്ഗമുണ്ട്. ബെരോവക്കാർ അതിൽ ഉറച്ചു നിന്നു. അവർ തെസലൊനിക്യയിലുള്ളവരേക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതങ്ങനെ തന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു (പ്രവൃത്തി 17:11). ഓറൽ റോബർട്ട്സിനോട് ഒരു വിധത്തിലും എന്നോട് മറ്റൊരു വിധത്തിലും സംസാരിക്കുന്നവനല്ല ദൈവം. എല്ലാവരോടും ഒരേ രീതിയിൽ തന്റെ സുവിശേഷത്താൽ സംസാരിക്കുന്നു. ദൈവവചനത്തിൽ ഇല്ലാത്തതു ആരു പറഞ്ഞാലും നാം വിശ്വസിക്കരുത്. കാരണം ദൈവത്തിൽ നിന്നല്ല, പഴയനിയമ കാലത്തിൽ ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കയും ഒത്തുവരികയും ചെയ്യാഞ്ഞാൽ അതു യഹോവ അരുളിച്ചെയ്തതല്ല. പ്രവാചകൻ അതു സ്വയംകൃതമായി സംസാരിച്ചതത്രേ (ആവർത്തന പുസ്തകം 18:22).

അപ്പൊസ്തലനായ പൌലൊസിന്റെ കാലഘട്ടത്തിലും ഇതുപോലുള്ള ആളുകൾ ഉണ്ടായിരുന്നു. ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപട വേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവർ

അത്രേ. വാക്യം പതിനഞ്ചിൽ പറയുന്നു; ആകയാൽ സാത്താന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല, അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്ക് ഒത്തതായിരിക്കും. "അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയററിനെയത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞ് സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു" (റോമർ 16:18). ദുഷ്ട മനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ട് മേൽക്കുമേൽ ദോഷത്തിൽ മുതിർന്നുവരും (2 തിമൊഥെയൊസ് 3:13). ഇവർ വഞ്ചിക്കപ്പെടുകയും മററുള്ളവരെ ആ വഞ്ചനയിൽ കുടുക്കുകയും ചെയ്യുന്നു. "ആകയാൽ സകല ദുഷ്ടതയും, എല്ലാ ചതിയും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ. കർത്താവു ദയാലു എന്ന് നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ (1 പത്രൊസ് 2: 1-3). സത്യവും അസത്യവും തിരിച്ചറിയുവാനുള്ള ധാർമ്മിക കടമ ഓരോരുത്തരിലും നിക്ഷിപ്തമാണ്. അതു നാം ചെയ്തില്ലെങ്കിൽ മററാരെയും പഴിക്കാവുന്നതല്ല.

എല്ലാവരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നതിന്റെ കാരണം മററൊന്നല്ല. ദുരുപദേശങ്ങൾ ധാരാളം ഉടലെടുക്കും എന്ന് ദൈവത്തിനു അറിയാമായിരുന്നതുകൊണ്ട് നമ്മെ മുന്നറിയിച്ചിരിക്കയാണ്. ദൈവത്തിന്റെ ഏക വെളിപ്പാട് മാത്രം വിശ്വസിക്കയും അനുസരിക്കയും ചെയ്യുക.

★

കവിത

# ലോകം

E. K. കുഞ്ഞ്കുഞ്ഞ് തേപ്പുപാറ

മിന്നുന്ന വെള്ളിടി വെട്ടുന്നതാലൊരു,
വിളളലും ഞെട്ടലും വീഴുന്നു ഭൂമിയിൽ,
ഭൂകമ്പത്താലൊരു മാമല പൊട്ടുന്നു,
തട്ടി തകരുന്നു മാനവരത്രയും.

പഞ്ചഭൂതങ്ങളെ പൂജിച്ചുണർത്തുന്ന,
നെഞ്ചകം പൊട്ടുന്ന വിസ്മയ ലോകത്തിൽ,
കൊല്ലാക്കൊലകളും പൊള്ളത്തരങ്ങളും,
ഏറെയതുണ്ടെന്നു ചൊല്ലാർത്തറിയുമേ.

കാലം കലിയുഗ പേക്കോല തുള്ളലാൽ,
കാഞ്ചിവലിക്കുന്നു ഗുണ്ടുവെടിക്കുന്നു,
ഓരോനിമിഷവും ചാവും കരച്ചിലും,
കേൾക്കുന്നു കാതിൽ അലയടിച്ചെപ്പഴും.

നാളെ വെളുപ്പിന്നു പാരിൽ പിറന്നവർ-
എത്രപേർ ജീവനൊടുക്കുമേ മാനസ്സേ,
കാരണം എന്തെന്നു തേടുകിൽ ചൊല്ലുമേ,
പാപവും ശാപവും ആണെന്നുരയ്ക്കുമേ.

നീതി ഒന്നുണ്ടഹോ കിട്ടുമെന്നാശിച്ചു,
കാത്തിരിക്കുന്നൊരു കൂട്ടമതെപ്പഴും,
സത്യം പറഞ്ഞാൽ കളവെന്നു ചൊല്ലുന്ന,
നെഞ്ചകം പൊട്ടുന്ന വഞ്ചക ലോകത്തിൽ.

നീതി നടത്തുവോരാരുണ്ടു നോക്കുകിൽ,
ആരേയും കണ്ടി കണ്ടതുമില്ലഹോ,
ആത്മീയ കൂട്ടരെ എങ്ങനറിയുമെ,
നാദമുരക്കുകിൽ വേറിട്ടറിയുമെ.

★

(10-ാം പേജിന്റെ തുടർച്ച)

ഈസെബേലിന്റെ ദുഷ്ടതയും വിഗ്രഹാരാധനയും അവളുടെ മക്കളിൽ മാത്രമല്ല സ്വാധീനം ചെലുത്തിയത് അവളുടെ കൊച്ചുമക്കളിലും അത് സ്വാധീനിക്കയുണ്ടായി. അങ്ങനെ, അവരുടെ എല്ലാവരുടേയും പ്രവർത്തികൾ വ്യാപിച്ച് ഇസ്രായേലിലും യെഹൂദ്യയിലും അനേകംപേർ ദുഷ്ടതയ്ക്കും അനാചാരത്തിനും ഇരയായിതീർന്നു. എണ്ണമററ അക്രമ മരണങ്ങൾ അവളുടെ ദുഷിച്ച മനസിന്റെ ഫലമായി നടക്കുകയുണ്ടായി.

നമ്മൾ സ്ത്രീകളാണ്. നമുക്കു ചെലുത്താവുന്ന സ്വാധീനശക്തി ആത്മാക്കളുടെ രക്ഷക്കുവേണ്ടി ഉപയോഗിക്കുക. ആളുകളെ നശിപ്പിക്കുവാൻ വളരെ എളുപ്പമാണ് പക്ഷെ ആത്മാവ് രക്ഷപ്പെടുന്നത് ദൈവസന്നിധിയിൽ ഏററവും വിലയുള്ളതാണ്. ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രയോജനപ്പെട്ട രീതിയിൽ നമുക്കു യത്നിക്കാം.

## യേശുവിൽ സ്വല്പ കാല വാസം

"അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചും കൊണ്ട് പട്ടണം തോറും സഞ്ചരിച്ചു. അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും നീക്കി സൗഖ്യം വരുത്തിയ ചില സ്ത്രീകളും ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യയോഹന്നായും ശൂശന്നയും തങ്ങളുടെ വസ്തുവക കൊണ്ട് അവർക്കു ശുശ്രൂഷ ചെയ്തുപോന്ന മററു പല സ്ത്രീകളും ഉണ്ടായിരുന്നു." (ലൂക്കൊസ് 8:1-3).

യേശുക്രിസ്തുവിനെ ക്രൂശിൽ തറച്ച സന്ദർഭത്തിൽ കുറെ സ്ത്രീകൾ ദൂരെ നിന്നു നോക്കിക്കൊണ്ടിരുന്നു. ഗലീലയിൽ നിന്നു യേശുവിനെ അനുഗമിക്കയും ശുശ്രൂ

ഷിക്കയും ചെയ്ത സ്ത്രീകൾ അവിടെയുണ്ടായിരുന്നതായി മത്തായിയുടെ വിവരണത്തിൽ കാണുന്നുണ്ട് (മത്തായി 27:55). സ്ത്രീകൾ തിരഞ്ഞെടുക്കുന്ന മാർഗ്ഗം അവരുടെ ജീവിത ശൈലി, സമ്പർക്കം എന്നിവ പരമപ്രധാനമാണ്. നാം ഈ ഭൂമിയിൽ ജീവിക്കുമ്പോൾ അതിന്റെ ആവശ്യകത ഏറിയതാണ്.

മനുഷ്യപുത്രനും ദൈവപുത്രനുമായ യേശുക്രിസ്തുവിനോടും അപ്പൊസ്തലന്മാരോടും കൂടെ സഞ്ചരിക്കുവാനും അവരുടെ ഉപദേശം കേൾക്കുവാനും അവരുടെ ജീവിത മാതൃക കാണുവാനും അവസരം ലഭിച്ച ഒരു കൂട്ടം സ്ത്രീകൾ എത്ര ആനന്ദവും വിസ്മയവും അനുഭവിച്ചവരായിരുന്നു എന്നറിയാമോ ?

ഇന്നത്തെ നമ്മുടെ ആനുകൂല്യ സ്ഥാനത്തു നിന്നു പിന്നിലേക്ക് ഒന്നു നോക്കിയാൽ അന്നത്തെ സ്ത്രീകൾ എത്ര ഭാഗ്യവതികൾ ആയിരുന്നു എന്നു മനസിലാക്കാം. അവർ വാസ്തവത്തിൽ യേശുക്രിസ്തുവിനോടു കൂടെ കൂട്ടുചേർന്നു നടന്നിരുന്നു. ഓരോ ദിവസവും ദൈവപുത്രനോടുകൂടെ ആയിരുന്നവർ അവന്റെ അത്ഭുതങ്ങൾ നേരിട്ട് കാണുകയുണ്ടായി. ദൈവമനസിൽ നിന്നു സത്യത്തിന്റേയും പരിജ്ഞാനത്തിന്റേയും പാഠങ്ങൾ അവർ കേട്ടു ഗ്രഹിച്ചു. മാത്രമല്ല അവർക്കു അവനെ ശുശ്രൂഷിപ്പാനുള്ള നേട്ടവും കിട്ടി. അവരുടെ ജീവിതത്തിലെ ഈ സന്ദർഭങ്ങൾ എത്ര ഗണ്യമായി എടുക്കേണ്ടതാണ്.

അവർ എന്താണ് ചെയ്തു വന്നിരുന്നത് ? ദൈവവുമായുള്ള അവരുടെ ബന്ധം എന്തായിരുന്നു ? സ്ത്രീകളായ നാം അവരുടെ സ്ഥാനത്താണെങ്കിൽ എന്തു ചെയ്യുമായിരുന്നു ?

ലൂക്കൊസ് 8:3-ൽ പ്രതിപാദിച്ചിരിക്കുന്ന സേവനങ്ങളിൽ ഒന്ന് ആ സ്ത്രീകൾ തങ്ങളുടെ വസ്തു വകകൾ കൊണ്ട് അവനെ ശുശ്രൂഷിച്ചു എന്നതാണ്. ദൈവത്തെ

ക്കാൾ ഉപരി തങ്ങളുടെ വസ്തു വകകളെ സ്നേഹിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായ ഒരു സമീപനമാണ് ഇവരിൽ ഉള്ളത്. യേശു ഒരു വ്യക്തിയോടു പറഞ്ഞത്; കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവകൾക്കു കൂടും ഉണ്ട്; മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല എന്നത്രേ (ലൂക്കൊസ് 9:58). സർവ്വവും സൃഷ്ടിച്ച നാഥൻ എല്ലാ സ്വർഗ്ഗീയ മഹിമയും പ്രഭാവവും ഉപേക്ഷിച്ച് കേവലം മനുഷ്യനായി ഭൂമിയിൽ വന്നിരിക്കയാണ്. അവൻ ഇവിടെ എന്തു സ്വന്തമാക്കി ? അവൻ ഒന്നും അവകാശമാക്കിയില്ല. യേശുക്രിസ്തുവിനോടും അപ്പൊസ്തലന്മാരോടുംകൂടെ സഞ്ചരിച്ച കൂട്ടത്തിനു ഉണ്ടായിരുന്ന വസ്തു വകകളാണ് അവരുടെ ആവശ്യം നിറവേററിയത്.

കൂടെയുള്ള എല്ലാവർക്കും ദിവസവും ആഹാരം പാകം ചെയ്യുവാൻ ആരെങ്കിലും വേണം. 18ഓ 20ഓ അതിൽകൂടുതലോ അംഗങ്ങളുള്ള സംഘത്തിനു വേണ്ട ആഹാരപദാർത്ഥങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുക എന്നതു വെല്ലുവിളി ഉയർത്തുന്ന ഒരു പ്രവൃത്തി തന്നെയായിരുന്നു. തന്നെയുമല്ലാ അതുണ്ടാക്കിയതും വിളമ്പിയതുമായ പാത്രങ്ങൾ അതിനു മുൻപും പിൻപും കഴുകി വൃത്തിയാക്കേണ്ടതും നല്ലൊരു ജോലി തന്നെയാണ്. യേശുക്രിസ്തുവിനോടുകൂടെ യാത്ര ചെയ്തിരുന്ന സ്ത്രീകൾ നിശ്ചയമായും അലസതയുള്ളവരായിരുന്നില്ല.

ഞാൻ അന്നു ജീവിച്ചിരുന്നെങ്കിൽ കുടുംബപരമായ ഉത്തരവാദിത്വങ്ങളിൽ നിന്നു സ്വതന്ത്രയായിരുന്നെങ്കിൽ ഞാനും അങ്ങനെ ചെയ്യുമായിരുന്നു. യേശുക്രിസ്തുവിനെ സേവിക്കുവാൻ കിട്ടുന്ന അവസരം ജീവിതത്തിലെ പ്രയാസമുള്ള ഓരോ വഴികളിലൂടെ യാത്ര ചെയ്താണെങ്കിലും ഒരിക്കലും തള്ളിക്കളയുകയില്ല. യഥാർത്ഥമായതും നിലനില്ക്കുന്നതുമായ നിത്യതയുടെ മഹത്വം അങ്ങനെ അനുഭവിക്കാൻ പററുന്നു. പലരും ഈ ലോകത്തിന്റെ

ആകർഷണത്തിൽ മുഴുകി കഴിയുന്നതു കൊണ്ട് അവരുടെ ചിന്ത നല്ലതിലേക്കു തിരിക്കുവാൻ ക്ലേശിക്കുകയാണ്.

അതു തിരിച്ചറിയുവാൻ യേശുക്രിസ്തു പ്രസ്താവിച്ച ഒരു ഉദ്ധരണി സഹായിക്കും. ''ഈ ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തതൊക്കെയും എനിക്കു ചെയ്തതാകുന്നു എന്നു നിശ്ചയമായും അറിഞ്ഞുകൊൾവിൻ'' (മത്തായി 25:40). മററുള്ളവരെ ശുശ്രൂഷിക്കുന്നതിനെ ക്കുറിച്ച് പറയുന്ന സന്ദർഭമായിരുന്നു അത്. രോഗികളെ ശുശ്രൂഷിക്കുക, തടവുകാരെയും അനാഥരേയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്നു സഹായിക്കുക, ആഹാരം ഇല്ലാതെ പട്ടിണി കിടക്കുന്നവരെ സഹായിക്കുക, ഇങ്ങനെ ധാരാളം പ്രവർത്തികൾ സ്ത്രീകളായ നമുക്കു ചെയ്യാം. സേവന സന്നദ്ധമായ ഒരു മനസ്സും ആരോഗ്യപ്രദമായ ശരീരവും ദൈവം തരുന്നതു പാഴാക്കി കളയുവാനല്ല.

മററുള്ളവരെ സേവിക്കേണ്ടത് എങ്ങനെയാണെന്ന് നാം ഇന്നു ചിന്തിക്കുന്നുണ്ടോ ? വസ്ത്രം ഇല്ലാത്ത ഒരാൾക്ക് ആവശ്യം വസ്ത്രമാണ്. ആ ഒരു ആവശ്യവും ഉന്നയിച്ചു കൊണ്ട് നിങ്ങളെ സമീപിക്കുന്ന ആൾക്ക് നിങ്ങൾ എന്തു കൊടുക്കുന്നു. ചില്ലറ പൈസ കൊടുത്തയക്കുമോ ? അതോ കീറിയ തുണികൾ ഏതെങ്കിലും കൊടുത്ത് പറഞ്ഞു വിടുമോ ? ഓർമ്മിക്കുക; യേശുക്രിസ്തു പറഞ്ഞ കാര്യം. ''നിങ്ങൾ എനിക്കു ചെയ്തതാണ്''. തല ചായ്ക്കുവാൻ ഇടമില്ലാതെ വിഷമിക്കുന്ന ഒരാൾ നിങ്ങളുടെ വീട്ടിൻെറ ഏതെങ്കിലും ഒരു ഭാഗത്ത് വന്ന് ഒന്നുകിടന്നോട്ടെ എന്നു ചോദിച്ചാൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും ? അനുകൂലമായിരിക്കുമോ അതോ പ്രതികൂലമായിരിക്കുമോ ?

★

(ശേഷം അടുത്ത ലക്കത്തിൽ)

# സ്ത്രീ സഭയിൽ

ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അവരെ ഭയപ്പെടാതെ അനേകം സ്ത്രീകൾ വിലപിച്ചു മുറയിട്ടുകൊണ്ട് അവന്റെ പിന്നാലെ ചെന്നു (ലൂക്കൊ 23:27). യേശുവിനെ ക്രൂശിച്ചപ്പോൾ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. കൂടെ യോഹന്നാൻ എന്ന ശിഷ്യനും (ലൂക്കൊ 19:25, 26). ആ സ്ത്രീകൾ അവിടെ ഇല്ലായിരുന്നുവെങ്കിൽ യോഹന്നാൻ അവിടെ ഉണ്ടാകുമായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആഴ്ചവട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾതന്നെ കല്ലറയ്ക്കൽ ചെന്നു (ലൂക്കൊ 20:1). പുരുഷന്മാരായ ക്രിസ്തുവിന്റെ ശിഷ്യന്മാർ പകൽപോലും പോകുവാൻ അറച്ച സ്ഥലത്ത് രാവിലെ ഇരുട്ടുള്ളപ്പോൾ ഒരു സ്ത്രീ അങ്ങനെ അവിടേക്കു കയറി ചെല്ലണമെങ്കിൽ അവൾ എത്ര ധൈര്യശാലിയായിരിക്കണം. കല്ലറയ്ക്കു കാവൽനിന്ന പടയാളികളെ അവൾ ഭയന്നില്ല. വെറിപൂണ്ട യഹൂദ ജനത്തെ വഴിയിൽ അവൾ ഭയന്നില്ല. ധൈര്യമായി അവൾ കല്ലറയിലേയ്ക്കു നടന്നു ചെന്നു. പുരുഷന്മാരെക്കാൾ ധൈര്യശാലികളാണ് സ്ത്രീകളെന്നു ഇവരെ നോക്കി ആർക്കാണു പറയാതിരിക്കുവാൻ കഴിയുക. ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതിനുശേഷം ശിഷ്യന്മാർ മാളികമുറിയിൽ കയറി പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ അവിടെയും ഉണ്ടായിരുന്നു സ്ത്രീകൾ (അ: പ്ര: 1:14).

അവൾ സ്നേഹമുള്ളവളാണ്. പുരുഷനേക്കാൾ ദയാലുവുമാണ്. അവളുടെ സ്നേഹവും ദയയും പുരുഷൻ അനുഭവിച്ചില്ലായെങ്കിൽ ഒരു പക്ഷേ അവൻ മനുഷ്യനല്ലാ

തായി സ്വഭാവത്തിൽ മാറിയേനെ. ഗോഗുൽഥാമലയിൽ ക്രിസ്തുവിനെ ക്രൂശിച്ചപ്പോൾ അടുത്തുണ്ടായിരുന്നവരിൽ കൂടുതലും സ്ത്രീകളാണ്. ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹവും ദയയുമാണ് അവർ അതിലൂടെ പ്രകടിപ്പിച്ചത്. ഈ സ്വഭാവങ്ങൾ അവളിൽ ഉണ്ടെങ്കിലും അവൾ വ്യാമോഹം ഉള്ളവളാണ്. അതുകൊണ്ടാണ് ദൈവത്തെപ്പോലെ ആകും എന്ന സാത്താന്റെ വാക്കുകളിൽ വിശ്വസിച്ചുകൊണ്ട് ദൈവം വിലക്കിയ ഫലം അവൾ പറിച്ചു തിന്നു, ഭർത്താവിനും നൽകിയത് (ഉല്പ: 3:5,6). അങ്ങനെ മനുഷ്യന്റെ നാശം അവൾ വരുത്തി വച്ചു. സഭയ്ക്കും നാശം അവൾ വരുത്തി വയ്ക്കാതിരിക്കണം എന്ന സദുദ്ദേശത്തോടു കൂടിയാണ് പൗലോസ് 1കൊരി: 14;34ൽ സ്ത്രീകൾ സഭാ യോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ എന്നു പറഞ്ഞിരിക്കുന്നത്. അല്ലാതെ സഭായോഗങ്ങളിൽ സംസാരിപ്പാനുള്ള അവരുടെ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുവാനല്ല.

ഭാര്യമാരായ സ്ത്രീകൾക്കു പല കടമകളും അവരുടെ ജീവിതത്തിൽ ഉണ്ട്. അവൾ ഭർത്താവിനോടു ചേർന്ന് ഒരു ദേഹമായി ജീവിക്കണം (ഉല്പ: 2:25). ഇതു പുരുഷനോട് അല്ലാ എന്നു ഓർക്കണം. പുരുഷനോടു ആയിരുന്നുവെങ്കിൽ അവൾക്കു ഏതു പുരുഷനോടും അവസരത്തിനൊത്തു ചേർന്ന് ഒരു ദേഹമായി ജീവിക്കാമായിരുന്നു. പുരുഷനും ഭർത്താവും ഒന്നല്ലേ എന്നു ചോദിച്ചാൽ ഒരു സ്ത്രീക്കു പുരുഷനും ഭർത്താവും രണ്ടാണ്. ഭർത്താവ് അവൾക്കു ചേർന്നു ജീവിക്കാനുള്ള പുരുഷനാണ്. മററു പുരുഷന്മാർ അവൾക്കു സഹോദരന്മാരാണ്, ചേർന്നു ജീവിക്കാനുള്ളതല്ല. ഒരു സ്ത്രീക്ക് ഒരു പുരുഷനോടുമാത്രമേ ചേർന്നു ജീവിക്കുവാൻ പാടുള്ളു. ദൈവത്തിന്റെ നിയമവും അതുതന്നെ. അവൾക്കു ഒന്നിൽ കൂടുതൽ പുരുഷന്മാരോടു ചേർന്നു ജീവിക്കുവാൻ ദൈവം ഇഷ്ടപ്പെട്ടിരുന്നുവെങ്കിൽ ഒന്നിൽ കൂടുതൽ പുരുഷന്മാരെ സൃഷ്ടിച്ചു അന്ന് ദൈവം ഹവ്വായ്ക്ക് നൽകുമായിരുന്നു. ഒന്നിൽ

കൂടുതൽ പുരുഷന്മാരോട് കൂടി ചേർന്ന് ജീവിക്കുന്ന സ്ത്രീകളെ സമൂഹം വിളിക്കുന്നത് വേശ്യ എന്നാണല്ലോ. ദൈവത്തിന്റെയും സമൂഹത്തിന്റെയും മുന്നിൽ അവൾ നിന്ദിതയായി കഴിയുന്നു. അവൾ എത്ര സൗന്ദര്യവതിയായിരുന്നാലും, എത്ര പുരുഷന്മാരോടു കൂടി ചേർന്നാലും എണ്ണപ്പെട്ടാവുന്ന നാളുകൾക്കുള്ളിൽ അവൾ എല്ലാം നശിച്ചു ശാപഗ്രസ്തയായി മാറുന്നു. ഇന്നും നമ്മുടെ മദ്ധ്യേ ഇത്തരം സ്ത്രീകളെ നാം കാണുന്നില്ലേ ?

ഭാര്യമാർ കർത്താവിന് എന്നപോലെ സ്വന്തഭർത്താക്കന്മാർക്ക്, കീഴടങ്ങണം; എല്ലാ കാര്യത്തിലും. കാരണം ഭർത്താവ് ഭാര്യയ്ക്കു തലയാകുന്നു (എഫെ: 5:22-24). അവനെ അവൾ ഭയപ്പെടേണ്ടതാകുന്നു (എഫെ: 5:32). ഭർത്താവിനെ കൺകണ്ട ദൈവം പോലെ കരുതി ഭാര്യ ജീവിക്കണമെന്നാണ് ഹിന്ദുമതം പഠിപ്പിക്കുന്നത്. അതുകൊണ്ടായിരിക്കാം ഭർത്താക്കന്മാരുടെ പേരുകൾപോലും മററുള്ളവരോടു പറയുവാൻ ചില ഹിന്ദു സ്ത്രീകൾ തയ്യാറാകാതിരിക്കുന്നത്. നമുക്ക് അത്രത്തോളം പോകേണ്ട കാര്യമില്ല. സ്ത്രീ പുരുഷന്റെ തേജസ്സ് ആകുന്നുവെന്നാണ് 1കൊരി: 11:7 പറയുന്നത്. അവൾ പുരുഷന്റെ തേജസ്സ് ആകണമെങ്കിൽ അവൾ തേജസ്സ് ഉള്ളവളായിരിക്കണം. ഇല്ലാത്ത ഒന്ന് മററുള്ളവർക്ക് കൊടുക്കുവാൻ കഴിയുകയില്ലല്ലോ. അവൾ തേജസ്സ് ഉള്ളവൾ ആകണമെങ്കിൽ ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാററിലും വിശ്വസ്തമാരുമായിരിക്കണം. യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം (1തിമൊ: 3:11;2;9). ഇപ്രകാരമുള്ള സ്വഭാവം ഇല്ലാത്ത ഒരു സ്ത്രീക്ക് തേജസ്സുള്ളവളാകുവാൻ സാധിക്കുകയില്ല.

ഒന്നാം നൂററാണ്ടിലെ ക്രിസ്തീയ സ്ത്രീകൾ, സുവിശേഷ ഘോഷണത്തിൽ പുരുഷന്മാരോടൊപ്പം നിന്ന്

സുവിശേഷ പ്രവർത്തനത്തിൽ അവരെ അധികമായി സഹായിച്ചു. പുരുഷന്മാരെ മറികടന്നുകൊണ്ട് അല്ലെങ്കിൽ അവരെ തള്ളി-കളഞ്ഞുകൊണ്ട് ഒരിടത്തും, അവർ സുവിശേഷ പ്രചരണം നടത്തീട്ടില്ല (ഫിലി:4:3). ഇന്നു ചില ക്രിസ്തീയ വിഭാഗങ്ങളിലെ സ്ത്രീകൾ വിവാഹം വേണ്ടെന്നു പറഞ്ഞ് ബൈബിൾ പറയുന്ന മര്യാദകളെ ലംഘിച്ചുകൊണ്ട് ക്രിസ്തുവിനു വേണ്ടി എന്നു സാധാരണ ജനങ്ങളെയും ദൈവത്തേയും കബളിപ്പിച്ചു സാമൂഹ്യ സേവനം നടത്തുന്നു. അതിന്റെ പിന്നിൽ അവർ എന്തെല്ലാം തെററുകൾ പ്രവർത്തിക്കുന്നുവെന്ന് അവരുടെ മനസ്സാക്ഷിക്കും ദൈവത്തിനും മാത്രം അറിയാം. അതിൽ ചിലതു അവരുമായി ബന്ധപ്പെടുന്ന വ്യക്തികൾക്കും അറിയാം.

സഭയിലെ സ്ത്രീകൾ പരസ്പര സ്നേഹത്തിൽ കഴിയണമെന്നാണ് യോഹന്നാൻ രണ്ടാം 'ലേഖനത്തിൽ 5-ാം വാക്യത്തിലൂടെ സ്ത്രീകളെ ഉദ്ബോധിപ്പിക്കുന്നത്. പരസ്പരം സ്നേഹിക്കുന്നവർ ഒരിക്കലും പിണങ്ങുകയില്ല. സ്നേഹം ഉള്ളിടത്തു പിണക്കം ഉണ്ടാകും എന്ന് ചിലർ പറയാറുണ്ട്. അതു തെററാണ്. സ്നേഹം ഉള്ളിടത്തു ഒരിക്കലും പിണക്കം ഉണ്ടാകാറില്ല. സ്നേഹത്തിന്റെ കൂടെ അസൂയ, വിദ്വേഷം തുടങ്ങിയ ലൗകിക സ്വഭാവങ്ങൾ കൂടി ഉണ്ടായാൽ പിണക്കം നിശ്ചയമായും ഉണ്ടാകും. സ്നേഹം സ്ത്രീകളെ ക്ഷമയിലേക്കു നയിക്കുന്നു. അവൾ തനിക്കു എതിരെ ഉണ്ടാകുന്ന എല്ലാ തെററുകളും മററുള്ളവരോടു ക്ഷമിക്കുവാനും മറക്കുവാനും തയ്യാറാകുന്നു. ഇന്നു ക്രിസ്തുസഭയിലെ സ്ത്രീകൾ ഏതുതരത്തിലുള്ളവരാണെന്നുമേൽ പറഞ്ഞ സ്ത്രീകളുടെ സ്വഭാവത്തിലൂടെ സ്വയം ചിന്തിച്ചു ജീവിക്കട്ടെ.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2 45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2 30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert
Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form

Edited, Printed and Published by P.K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Regi No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To